(ബി) പ്രസ്തുത അക്വാഡക്ട് പൊളിച്ചുമാറ്റി പുതുക്കി പണിയുന്നതിന് ജലസേചന വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ തുകയെത്ര ; പുതിയ അക്വാഡക്ട് നിർമ്മിക്കാനുള്ള ഭരണാനുമതി നൽകാനുള്ള നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ചെറുവാഹനങ്ങൾ ഓടുന്നതിനുള്ള സൗകര്യമാണ് നിലവിലുള്ളത്. ഗതാഗത തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

വെള്ളക്കരം

197 (862) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെള്ളക്കരം എത്ര തവണ കൂട്ടി ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) വീടുകളിലേക്കുള്ള കുടിവെള്ളത്തിന് ഏത് അളവിന്, ഏതു നിരക്കിൽ, എത്ര രൂപയാണ് ഈടാക്കുന്നത് ; കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ എന്നിവയിൽ നിരക്ക് വ്യത്യാസം ഉണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടിവെള്ള ചാർജ്ജ് ഒരു തവണകൂട്ടി. ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാർ ഉത്തരവിൽ വീടുകളിലേക്കുള്ള കുടിവെള്ള ചാർജ്ജ് ഗാർഹിക നിരക്കിൽ കണക്കാക്കുന്നത് ചുവടെ ചേർക്കുന്നു :

Category and comsumption level	Tariff	
	Fixed	Variable
Upto 5000 litres	Nil	Rs.4.00 per 1000 litres with minimum Rs.20.00
Above 5000 to 10000 litres	Nil	Rs. 20.00 plus Rs. 4.00 per 1000 litres in excess of 5000 litres
Above10000 to 15000 litres	Nil	Rs. 40.00 plus Rs. 5.00 per 1000 litres in excess of 10000 litres
Above15000 to 20000 litres	Nil	Rs. 6.00 per every 1000 litres for the entire comsumption (0 to 20000 litres)
Above20000 to 25000 litres	Nil	Rs. 7.00 per every 1000 litres for the entire comsumption (0 to 25000 litres)
Above25000 to 30000 litres	Nil	Rs. 9.00 per every 1000 litres for the entire comsumption (0 to 30000 litres)
Above30000 to 40000 litres	Nil	Rs. 12.00 per every 1000 litres for the entire comsumption (0 to 40000 litres)
Above40000 to 50000 litres	Nil	Rs. 14.00 per every 1000 litres for the entire comsumption (0 to 50000 litres)
Above 50000 litres	Nil	Rs. 700.00 plus Rs. 40.00 per every 1000 litres in excess of 50000 litres
(a) No water charge will be collected from BPL families who consume upto 15000 litres per month.		

കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും പഞ്ചായത്തുകളിലെയും വീടുകളിലേക്ക് കുടിവെള്ളത്തിന് ചാർജ്ജ് ഈടാക്കുന്നത് ഒരേ നിരക്കിലാണ്.

808/17

LIBRARY ARCHIVES Kerala Legislative Assembly